"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - കേരള സ്റ്റേറ്റ് ഫിനാനൻഷ്യൽ എന്റർപ്രൈസസ്സ് ലിമിറ്റഡിന്റെ ആസ്ഥാനകാര്യാലയത്തിലെ ഉപയോഗത്തിനായി പുതിയ രണ്ട് കാറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.497/2024/TAXES തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-
1. 08.11.2023 തീയതിയിലെ സ.ഉ(കൈ)നം.166/2023/ധന നമ്പർ സർക്കാർ ഉത്തരവ്
2. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 19.01.2024, 28.02.2024, 13.03.2024 എന്നീ തീയതികളിലെ 8448/Purchase of cars നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കെ.എസ്.എഫ്.ഇ ആസ്ഥാന കാര്യാലയത്തിൽ ഉപയോഗത്തിലുള്ള 2 സ്വിഫ്റ്റ് കാറുകൾ 11 വർഷത്തിലേറെ പഴക്കമുള്ളതാണെന്നും ഇനിയും ഇത് ഉപയോഗിച്ചാൽ അറ്റകുറ്റ പണികൾക്കായി വലിയ തുക വേണ്ടി വരുമെന്നും ആയതിനാൽ 09.01.2024 ൽ നടന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം, പ്രസ്തുത വിഷയം പരിശോധിക്കുകയും സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി 10 ലക്ഷത്തിൽ അധികരിക്കാത്ത രണ്ടു പുതിയ കാറുകൾ GeM Portal വഴി വാങ്ങുവാൻ തീരുമാനമെടുത്തതായും, കെ.എസ്.എഫ്.ഇ ആസ്ഥാന കാര്യാലയത്തിൽ ഉപയോഗത്തിലുള്ള 2 കാറുകൾ സ്വന്തമായി വാഹനങ്ങൾ ഇല്ലാത്ത മേഖല കാര്യാലയങ്ങൾക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്നും കെ.എസ്.എഫ്.ഇ യുടെ ആസ്ഥാനകാര്യാലത്തിലെ ഉപയോഗത്തിനായി GeM പോർട്ടലിലെ ലഭ്യത അനുസരിച്ച് ₹9,75,810/- രൂപ വിലവരുന്ന Maruthi Suzuki Ciaz Alpha SHVS Petrol MT, ₹ 8,60,518/- രൂപ വില വരുന്ന Maruthi Suzuki Ertiga VXI (O) 1.5L SMT, ₹7, 65, 414/- രൂപ വില വരുന്ന Honda Amze VX MT Petrol- BS VI എന്നീ മോഡലുകളിലുള്ള ഏതെങ്കിലും രണ്ട് വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള Economy order ൽ ഇളവ് നൽകിക്കൊണ്ട്, പുതിയ കാറുകൾ വാങ്ങുന്ന മുറയ്ക്ക് നിലവിലുള്ള കാറുകൾ സ്വന്തമായി വാഹനമില്ലാത്തതും അധിക ഉപയോഗമില്ലാത്തതുമായ കെ.എസ്.എഫ്.ഇയുടെ ഏതെങ്കിലും മേഖലാ കാര്യാലയത്തിലേക്ക് കൈമാറണമെന്ന ഉപാധിയോടെ, GeM പോർട്ടലിലെ ലഭ്യതയ്ക്കനുസരിച്ച് 8,60,518/- രൂപ വീതം വില വരുന്ന

Maruthi Suzuki Ertiga VXI (O) 1.5 L SMT മോഡലിലെ രണ്ട് കാറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ, തൃശ്ശൂർ
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ധനകാര്യ (പി.യു-സി) വകുപ്പ് (21.05.2024 ലെ PU-C2/36/2024-Fin നമ്പർ റിമാർക്)
5. സ്റ്റോർ പർച്ചേസ് വകുപ്പ്
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂമീഡിയ)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (H2/36/2024-TAXES)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ